# തുഞ്ചത്തെഴുത്തച്ഛനും ഭഗവദ്ഗീതയും

**നമ്പൂതിരിമാരുടെ ജാതിപ്രമത്തതയെ എതിരിടുന്നതിന് മലയാള ഭാഷയെ ഉയർത്തിക്കൊണ്ടുവരികയായിരുന്നു തുഞ്ചത്തെഴുത്തച്ഛനെന്ന് ലേഖകൻ കണ്ടെത്തുന്നു. ഭഗവദ്ഗീതയിലെ പല നിർണയങ്ങൾക്കും എതിർ ദിശയിലായിരുന്നു എഴുത്തച്ഛന്റെ ദർശനങ്ങൾ.**



**പ്രൊഫ. ടി.ബി. വിജയകുമാർ**

“ഉഴറിഅരുളിന മൊഴികൾ ഉപനിഷത്താകയാൽ
ഓതിനാർഗീതയെന്നാദരാൽ ജ്ഞാനികൾ’

ഈ രണ്ടു വരികൾ മാത്രമാണ് ഭഗവദ്ഗീതയെപ്പറ്റി ഭാരതം കിളിപ്പാട്ടിൽ എഴുത്തച്ഛൻ എഴുതിയിട്ടുള്ളത്. ഭഗവദ്ഗീതയെ എഴുത്തച്ഛൻ ഭാഷാന്തരം ചെയ്യാൻ ശ്രമിച്ചില്ല. ഇതിന്റെ കാരണമെന്ത്?പലരും പല വ്യാഖ്യാനങ്ങളും നൽകിയിട്ടുണ്ട്. മുൻപേ നടന്നവർ അതു ചെയ്തിട്ടുണ്ടെന്ന് ഒരു കൂട്ടർ (എഴുത്തച്ഛന് ഏകദേശം 150 വർഷം മുൻപ് കണ്ണശ്ശ പണിക്കർ (മാധവ പണിക്കർ - നിരണം കവികൾ - ഭാഷാഭഗവദ്ഗീത രചിച്ചിട്ടുണ്ട്). അതുകൊണ്ട് എഴുത്തച്ഛൻ അതിനു മുതിർന്നില്ല. ബ്രാഹ്മണരോഷം ഭയന്നാണ് അതു ചെയ്യാതിരുന്നത് എന്നാണ് മറ്റൊരു കൂട്ടരുടെ അഭിപ്രായം. “ആധ്യാത്മിക ശൈലിയിൽ സാഹിത്യ രചന ചെയ്ത മലയാള കവികളിൽ ഏതുനിലയ്ക്കും സർവോന്നതനായ എഴുത്തച്ഛൻ ഭഗവദ്ഗീത ഉപേക്ഷിച്ചതിന് കാരണം പ്രത്യേകിച്ച് ആരായേണ്ടതാണ്” എന്ന് പ്രശസ്ത പണ്ഡിതനായ ശൂരനാട് കുഞ്ഞൻപിള്ളയുടെ അഭിപ്രായം (അവതാരിക-ഭാഷാഭഗവദ്ഗീത - നിരണത്ത് മാധവപണിക്കർ കേരള സാഹിത്യ അക്കാദമി). അതിനുള്ള ഒരു എളിയ ശ്രമമാണ് ഈ ലേഖനത്തിൽ ചെയ്യുന്നത്.



चातुर्वर्ण्यं मया सृष्टं गुणकर्मविभागशः ।
तस्य कर्तारमपि मां विद्ध्यकर्तारमव्ययम् ॥ १३ ॥

चातुर्वर्ण्यं चत्वार एव वर्णाः चातुर्वर्ण्यं मया ईश्वरेण सृष्टम् उत्पादितम्, 'ब्राह्मणोऽस्य मुखमासीत्' इत्यादिश्रुतेः, गुणकर्मविभागशो गुणविभागशः कर्मविभागशः च गुणाः सत्त्वरजस्तमांसि ।

तत्र सात्त्विकस्य सत्त्वप्रधानस्य ब्राह्मणस्य शमो दमः तप इत्यादीनि कर्माणि ।

सत्त्वोपसर्जनरजःप्रधानस्य क्षत्रियस्य शौर्यतेजःप्रभृतीनि कर्माणि ।

तमउपसर्जनरजःप्रधानस्य वैश्यस्य कृष्यादीनि कर्माणि ।

रजउपसर्जनतमःप्रधानस्य शूद्रस्य शुश्रूषा एव कर्म ।

इति एवं गुणकर्मविभागशः चातुर्वर्ण्यं मया सृष्टम् इत्यर्थः ।

तत् च इदं चातुर्वर्ण्यं न अन्येषु लोकेषु अतो मानुषे लोके इति विशेषणम् ।

(ब्राह्मण, क्षत्रिय, वैश्य और शूद्र—इन) चारों वर्णोंका नाम चातुर्वर्ण्य है। सत्त्व, रज, तम—इन तीनों गुणोंके विभागसे तथा कर्मोंके विभागसे यह चारों वर्ण मुझ ईश्वरद्वारा रचे हुए—उत्पन्न किये हुए हैं। 'ब्राह्मण इस पुरुषका मुख हुआ' इत्यादि श्रुतियोंसे यह प्रमाणित है।

उनमेंसे सात्त्विक—सत्त्वगुणप्रधान ब्राह्मणके शम, दम, तप इत्यादि कर्म हैं।

जिसमें सत्त्वगुण गौण है और रजोगुण प्रधान है, उस क्षत्रियके शूरवीरता, तेज प्रभृति कर्म हैं।

जिसमें तमोगुण गौण और रजोगुण प्रधान है, ऐसे वैश्यके कृषि आदि कर्म हैं।

तथा जिसमें रजोगुण गौण और तमोगुण प्रधान है, उस शूद्रका केवल सेवा ही कर्म है।

इस प्रकार गुण और कर्मोंके विभागसे चारों वर्ण मेरेद्वारा उत्पन्न किये गये हैं, यह अभिप्राय है।

ऐसी यह चार वर्णोंकी अलग-अलग व्यवस्था दूसरे लोकोंमें नहीं है, इसलिये (पूर्वश्लोकमें) 'मानुषे लोके' यह विशेषण लगाया गया है।

സാധാരണക്കാരന്റെ സാംസ്കാരിക നിലവാരം ഉയർത്തുക എന്നതായിരുന്നു എഴുത്തച്ഛന്റെ ദൗത്യം. അതിനായി നമ്പൂതിരിമാരുടെ സാംസ്കാരിക കുത്തക തകർക്കണം. അതിനായി ഭക്തിമാർഗം സ്വീകരിച്ചു എന്നുമാത്രം. “മനുഷ്യത്വത്തിന്റെയും സാഹോദര്യത്തിന്റെയും മറ്റു മാനുഷിക ബന്ധങ്ങളുടെയും ഉജ്ജ്വല സന്ദേശം എന്തെന്ന് കേരളീയ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടത് എഴുത്തച്ഛന്റെ അധ്യാത്മ രാമായണം കിളിപ്പാട്ടിലൂടെയാണ്. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന്റെ തീപ്പന്തമുയർത്തിപ്പിടിച്ച തുഞ്ചത്തെഴുത്തച്ഛനെ കേരള ഭാഷയുടെ പിതാവായി സങ്കല്പിക്കുന്നതിൽ ഒരു അപാകവുമില്ല.” “എഴുത്തച്ഛന് ജാതി ചിന്തയുടെ അർഥശൂന്യതയെപ്പറ്റി ജനങ്ങളിൽ ബോധമുളവാക്കുക എന്ന ലക്ഷ്യവും രാമായണ നിർമാണത്തിലൂടെ സാധിക്കാനുണ്ടായിരുന്നു. ഭക്തിയുടെയും വേദാന്തചിന്തയുടെയും അന്തരീക്ഷത്തിൽ അതു സാധിക്കുക എന്നത് സാമൂഹ്യമായ ഒരാവശ്യം കൂടിയായിരുന്നു. മരണത്തിന്റെ മുന്നിൽ അഹന്തയും ജാതിഭള്ളും നിസ്സാരങ്ങളാണെന്ന് ലക്ഷ്മണോപദേശത്തിൽ വെളിവാക്കിയിട്ടുണ്ട്. ജാതിയും സ്ത്രീ-പുരുഷ ഭേദവും ഭക്തിയുടെ കാര്യത്തിൽ നിസ്സാരങ്ങളാണെന്ന് ശ്രീരാമൻ ശബരിയോട് തെളിച്ചു പറഞ്ഞിട്ടുണ്ട്. ശ്രീരാമൻ ഹനു

മാന് നൽകുന്ന ഉപദേശത്തിൽ എല്ലാ ജീവജാലങ്ങളും പരമാത്മാവിൻെറ അംശങ്ങളാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അയോധ്യാധിപനായ ദശരഥനും വാനരരാജാവായ ബാലിക്കും രാക്ഷസരാജാവായ രാവണനും ഒരേതരത്തിൽ ശവസംസ്കാരം നടത്തിയതായി രാമായണം വിളിച്ചുപറയുന്നു. വനവാസത്തിന് ഭർത്താവൊന്നിച്ച് പുറപ്പെടാനുള്ള തൻെറ അവകാശത്തെ സ്ഥാപിക്കാൻ സീത പാണിഗ്രഹണമന്ത്രാർഥത്തെ അനുസ്മരിക്കുന്നുണ്ട്. വികാരവിചാരങ്ങളും പ്രവൃത്തിയും സമാനമാകട്ടെയെന്ന ആശംസയാണ് പാണിഗ്രഹണമന്ത്രത്തിൻെറ കാതലായ ഭാഗം. അതിൽനിന്ന് സ്ത്രീക്കും പുരുഷനും തുല്യതയാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്നു വ്യക്തമാണല്ലോ. വേദാന്തചിന്തയുടെയും ഭക്തിപ്രഹർഷത്തിൻെറയും അന്തരീക്ഷത്തിൽ മനുഷ്യനിൽ ഏകാത്മകതാബോധം വളർത്തുക എന്നത് രാമായണരചനയുടെ ഉദ്ദേശ്യങ്ങളിൽപ്പെടുന്നു.'' (സി. കെ. മൂസ്സത്: രാമകഥ മലയാളത്തിൽ - കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണം)

എഴുത്തച്ഛൻ എന്തുകൊണ്ട് ഗീതയെ ഭാഷാന്തരം ചെയ്തില്ല എന്നതിൻെറ വ്യക്തമായ കാരണം സാർവഭൗമൻ കേരളവ്യാസൻ മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മുൻപേ പറഞ്ഞുവെച്ചിട്ടുണ്ട്. പുരാണേതിഹാസങ്ങളെ മൂലകൃതികളെക്കാൾ ആസ്വാദ്യതരങ്ങളാക്കി തൻെറ നാട്ടുകാർക്ക് നൽകി മാതൃക കാട്ടുകയാണ് എഴുത്തച്ഛൻ ചെയ്തത്. ഇതിന്നായി രണ്ട് സാഹചര്യങ്ങൾ തുഞ്ചൻഗുരുവിന് അനുകൂലമായിരുന്നു. ഒന്ന് ദൈവദത്തമായതും മറ്റൊന്ന് സ്വായത്തമായതും. തുഞ്ചൻഗുരു ജനിച്ച എഴുത്തച്ഛൻ സമുദായം ബുദ്ധമതവിശ്വാസത്തിൻെറ പൈതൃകമുള്ളവരാണ്. പിൽക്കാലത്തുമാത്രം ഹിന്ദുമതം സ്വീകരിച്ചവരും (സി.കെ. മൂസ്സത്, രാമകഥ മലയാളത്തിൽ). 1428-ൽ കേരളക്കരയിലേക്ക് കുടിയേറിയ എഴുത്തച്ഛൻ സമുദായത്തിന് ('കടുകതൃക്ത സ്തേയാൽ' എന്ന കലിദിന വാക്യമനുസരിച്ച്) ദക്ഷിണേന്ത്യയിലെ പ്രമുഖ സാംസ്കാരിക കേന്ദ്രങ്ങളുമായി ബന്ധമുള്ളവരായിരുന്നു. അക്കാലത്ത് ശൂദ്രന്മാർക്ക് ഈ സൗകര്യം ലഭ്യമായിരുന്നില്ല. അതിനാൽ അവിടെപ്പോയി പഠിക്കുന്നതിന് എഴുത്തച്ഛന് സൗകര്യമുണ്ടായി. മാത്രമല്ല, ശൈവ-വൈഷ്ണവ സൗഹൃദം വളർന്നുവരേണ്ടതിൻെറ ആവശ്യകത അദ്ദേഹത്തിന് ബോധ്യപ്പെട്ടു. (തമിഴ്നാട്ടിലും തെലുങ്കുനാട്ടിലും കർണാടക ദേശത്തും അതുണ്ടായിരുന്നില്ല). ഈ ബൗദ്ധ-ജൈന പശ്ചാത്തലമാണ് തുഞ്ചൻഗുരുവിനെ നവോത്ഥാന നായകനാക്കി മാറ്റിയത്. ബൗദ്ധ-ജൈന സ്രോതസ്സുകൾ പരസ്പരം കെട്ടുപിണഞ്ഞ് കിടക്കുന്നു. ഇവ വേർതിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ട്. സാമൂതിരിക്കോവിലകത്തിലെ മൂത്ത തമ്പുരാട്ടി (അമ്പാടി കോവിലകം) ആണ് അവർക്ക് എഴുത്തച്ഛൻ എന്ന ജാതിപ്പേരും, നിരക്ഷരരായിരുന്ന ശൂദ്രരെ അക്ഷരം പഠിപ്പിക്കുക എന്ന കുലത്തൊഴിലും നൽകിയത്. തുഞ്ചൻെറ കാലഘട്ടത്തിൽ ജാതിവ്യവസ്ഥിതിയിൽ എഴുത്തച്ഛൻ സമുദായത്തിൻെറ ജാതിപദവി ദൃഢീകരിച്ചിരുന്നില്ല. ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ നേതൃത്വത്തിലുള്ള നമ്പൂതിരിമാരാണ് എഴുത്തച്ഛനെ പീഡിപ്പിച്ചത്. ജാതിപീഡനം മൂലമാണ് തുഞ്ചൻ, നമ്പൂതിരിമാർ ചേക്കേറാത്ത ചിറ്റൂരിൽ സ്ഥിരതാമസമാക്കിയത്. ചിറ്റൂർ തെക്കേ ഗ്രാമത്തിൽ 10 തമിഴ് ബ്രാഹ്മണകുടുംബങ്ങളെ കൊണ്ടുവന്നത് എഴുത്തച്ഛനാണ് എന്ന ഒരു ഐതിഹ്യം അവിടെ ഇപ്പോഴും നിലവിലുണ്ട്. ചിറ്റൂരിലുള്ള ഗുരുമന്ദിരത്തിൽ തുഞ്ചൻ ഗുരുവിൻെറയും ഒരു ശിഷ്യൻെറയും സമാധിയുണ്ട്. അത് ശിഷ്യൻ സൂര്യനാരായണൻ എഴുത്തച്ഛൻേറതോ കരുണാകര എഴുത്തച്ഛൻേറതോ ആകാം. പാലക്കാട് രാജാവിനെ-കോമ്പി അച്ചനെ-നമ്പൂതിരിമാർ ഭ്രഷ്ട് കൽപ്പിച്ചിരുന്നു. അതുകൊണ്ടാണ് നമ്പൂതിരിമാർ പാലക്കാട് പ്രദേശത്തെ ഉപേക്ഷിച്ചുപോയത്.

12 മുതൽ 16 നൂറ്റാണ്ടുവരെ കേരളത്തിൽ നമ്പൂതിരിയുഗമായിരുന്നു. നമ്പൂതിരിയുഗത്തിൻെറ അന്ത്യത്തിലാണ് തുഞ്ചൻഗുരുവിൻെറ ജനനം. നമ്പൂതിരിയുഗത്തിൽ രാജാക്കന്മാർ വെറും ഏഴാംകൂലികൾ മാത്രമായിരുന്നു. അന്നത്തെ സമൂഹത്തിൻെറ ജീർണതയും സംസ്കാരശൂന്യതയും അന്നത്തെ 'മഹിളാളി മണിപ്രവാള' കൃതികളിൽ നിഴലിക്കുന്നുണ്ട്. ബഹുഭർതൃത്വമായിരുന്നു അന്നത്തെ മുഖമുദ്ര. ഒരു സ്ത്രീക്ക് എത്ര ഭർത്താക്കന്മാരുണ്ടായിരുന്നുവോ അത്രയ്ക്ക് അവളുടെ മാന്യത വർധിക്കുന്നു. അതിൽ നമ്പൂതിരിമാരുടെ എണ്ണം വർധിക്കുന്നതനുസരിച്ച് കൂടുതൽ മാന്യതയുണ്ടാകും. ശൂദ്രസ്ത്രീകളെ കീഴടക്കി ലൈംഗികമായി ഉപയോഗിക്കുന്നതിനുവേണ്ടി സൃഷ്ടിച്ചതാണ് ശൂദ്രന്മാരുടെ ഇടയിലെ ഉപജാതികൾ. നേരത്തെ 13 ഉപജാതികൾ ഉണ്ടായിരുന്നത് 130 ആയി വികസിപ്പിച്ചു. 15, 16 നൂറ്റാണ്ടുകളിലാണ് കേരളീയ സമൂഹം ജീർണതയുടെയും ധാർമികാധഃപതനത്തിൻെറയും ഉച്ചകോടിയിൽ എത്തിയത്. എ.ഡി. 1500-നോടടുത്ത് ഒരു നമ്പൂതിരിയാൽ രചിക്കപ്പെട്ട ചന്ദ്രോത്സവം ദേവദാസി സമ്പ്രദായത്തിൻെറ അധഃപതനത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഭാഷാകൗടിലീയം (12-ാം നൂറ്റാണ്ട്), വൈശികതന്ത്രം, ഉണ്ണിയച്ചി ചരിതം (13-ാം നൂറ്റാണ്ട്), ശുകസന്ദേശം, ഉണ്ണുനീലി സന്ദേശം, ഉണ്ണിയാടി ചരിതം (14-ാം നൂറ്റാണ്ട്), കൗണോത്തര, ഇളയച്ചി ചരിതം, മാരലേഖ, മലർബാണ കേളി (15-ാം നൂറ്റാണ്ട്) എന്നീ കൃതികൾ അന്നത്തെ ധാർമികാധഃപതനത്തിൻെറയും ജീർണതയുടെയും കണ്ണാടിയാണ്. 1500 -1517 മുതൽ ▶

**എഴുത്തച്ഛൻെറ സമുദായത്തിൻെറ ബൗദ്ധ-ജൈന പാരമ്പര്യമാണ് എഴുത്തച്ഛൻ ഭഗവദ് ഗീതയെ വെറുതെ വിടാൻ തീരുമാനിച്ചത്. എഴുത്തച്ഛൻെറ ഭാരതവും രാമായണവും ഒരു പുനർവായനയ്ക്ക് നാം തയ്യാറാകണം. അതിനെ 'ബൗദ്ധായനം', 'ജൈനായനം' ആയി വായിക്കാൻ നമുക്ക് കഴിയണം.**

▼വയനാട്ടിലെ ജൈന ക്ഷേത്രത്തിൽനിന്ന്



കേരളത്തിൽ ജീവിച്ച പോർത്തുഗീസുകാരനായ ബാർബോസ, 1800–1801 കാലത്ത് കേരളത്തിൽ താമസിച്ച ഡോ. ഫ്രാൻസിസ് ബുക്കാനൻ എന്നിവർ അന്നത്തെ കുത്തഴിഞ്ഞ സാമൂഹ്യസ്ഥിതി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

വൈശികതന്ത്രം വേശ്യാവൃത്തിയെ പുകഴ്ത്തുന്നതിനുവേണ്ടി രചിക്കപ്പെട്ട കൃതിയാണ്. 'കേരള മാഹാത്മ്യ'ത്തിൽ നായർ സ്ത്രീകളുടെ മുഖ്യ കടമ നമ്പൂതിരിമാരെ സുഖിപ്പിക്കുകയാണെന്ന് പരശുരാമൻ വിധിച്ചിട്ടുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ട്. നമ്പൂതിരിമാരെ രസിപ്പിക്കുന്നതിനുവേണ്ടി നായർസ്ത്രീകൾ നടത്തേണ്ട വിവിധ രതിക്രീഡകൾ പരശുരാമൻ നിർദേശിച്ച മറ്റു കാര്യങ്ങളും കേരളമാഹാത്മ്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള –സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി, പേജ് 298). നായർസ്ത്രീകൾ നമ്പൂതിരിമാരുടെ മുന്നിൽ മാറുമറയ്ക്കാൻ പാടില്ല എന്ന നിയമവും അക്കാലത്ത് നിലവിലുണ്ടായിരുന്നു. നായർസ്ത്രീകൾ പതിവ്രതകളായിരിക്കരുതെന്ന് പരശുരാമവിധിയുണ്ടെന്ന് നമ്പൂതിരിമാർ പറഞ്ഞിരുന്നു. തൻെറ രാജ്യത്തിൽ മേൽജാതി പുരുഷന്മാർക്ക് വഴങ്ങാത്ത സ്ത്രീകളെ വധിച്ചുകളയണമെന്ന് കാർത്തികപള്ളി രാജാവ് വിളംബരം പുറപ്പെടുവിച്ചു. യൂറോപ്യൻ സംസർഗംകൊണ്ട് റൗക്ക ധരിച്ച് ആറ്റിങ്ങൽ റാണിയുടെ മുന്നിലെത്തിയ ഒരു സ്ത്രീയെ മുല മുറിച്ചുകളഞ്ഞ് ശിക്ഷിച്ച കാര്യം ഗ്രോസ് രേഖപ്പെടുത്തിയിട്ടുണ്ട്. റൗക്ക ധരിച്ചുവന്ന നായർ സ്ത്രീകളെ അമ്പലങ്ങളിൽ പ്രവേശിപ്പിക്കരുതെന്ന് കൊച്ചി രാജാവ് വിളംബരം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. അക്കാലത്ത് കേരളം സന്ദർശിച്ച ഒരു വിദേശ സഞ്ചാരി നായർസ്ത്രീകൾക്ക് എത്ര വേണമെങ്കിലും നമ്പൂതിരി സംബന്ധക്കാരെ ലഭിക്കുമെങ്കിലും നായർ യുവാക്കൾക്ക് അവരെക്കാൾ പ്രായക്കൂടുതലുള്ള നായർസ്ത്രീകളെ മാത്രമേ അവരുടെ ഭാര്യമാരാക്കാൻ ലഭിച്ചുള്ളു. (ഇളംകുളം കുഞ്ഞൻപിള്ള –സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി, പേജ്: 316) അവർക്ക് അവരുടെ അമ്മമാരുടെ പ്രായമുള്ള സ്ത്രീകളെ ഭാര്യമാരാക്കേണ്ടിവന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ഈ സാംസ്കാരികലോപത്തിനും അധഃപതനത്തിനും എതിരെയാണ് എഴുത്തച്ഛൻ പ്രതികരിച്ചത്. അതിനുവേണ്ടി അദ്ദേഹം തിരഞ്ഞെടുത്തതാണ് ഭക്തിമാർഗവും ആര്യൻ ഇതിവൃത്തങ്ങളും. ആ മാർഗം മാത്രമേ അദ്ദേഹത്തിൻെറ മുന്നിലുണ്ടായിരുന്നുള്ളു. നമ്പൂതിരിമാർ മലയാളഭാഷയെ മ്ലേച്ഛമായി കരുതി. ആ ഭാഷയെ സംസ്കൃതത്തിന് ഒപ്പം ഉയർത്തി നമ്പൂതിരിമാരെ വെല്ലുവിളിക്കുക എന്നതായിരുന്നു അദ്ദേഹത്തിൻെറ തന്ത്രം. എഴുത്തച്ഛൻെറ കൃതികളിൽ തെളിയുന്നത്, 'മതാധിഷ്ഠിതമല്ലാത്ത ഈശ്വരസ്വരൂപം മനുഷ്യസഹജമായുണ്ടാകാൻ വേണ്ട നീതിബോധവും ധർമബോധവുമൊക്കെയാണ്.' (ഡോ. എൻ.എം. നമ്പൂതിരി –അർഥാന്തരങ്ങൾ). 'മതാധിഷ്ഠിതവും ക്ഷേത്രസംസ്കാരാധിഷ്ഠിതവുമായ മൂർത്തീസങ്കൽപ്പങ്ങളെ എഴുത്തച്ഛൻ ഉച്ചാടനം ചെയ്യു'. 'രാമനെയോ കൃഷ്ണനെയോ സ്തുതിക്കാതിരുന്നില്ല അദ്ദേഹം. പക്ഷേ, കാവ്യം പകരുന്ന അനുഭവം മതബന്ധമില്ലാത്ത സത്യധർമബോധമാണ്. മുൻകാല ഭാഷാഭ്രമത്തോടും സംസ്കാരത്തോടും കലഹിക്കുന്ന കവിയാണ് എഴുത്തച്ഛൻ' (ഡോ. എൻ.എം. നമ്പൂതിരി – അർഥാന്തരങ്ങൾ). 'ഭട്ടപാദർ (മേൽപത്തൂർ) ക്ഷേത്രഭക്തിപ്രിയനും സംസ്കൃതപ്രിയനുമാണ്. ചെറുശ്ശേരി അവതാരമഹത്വപ്രിയനും പച്ചമലയാളപ്രിയനുമാണ്; എഴുത്തച്ഛൻ ക്ഷേത്രം വിട്ടുപോന്നവനുമാണ്...' ഡോ. എൻ.എം. നമ്പൂതിരി തുടരുന്നു.



തുഞ്ചൻെറ കാലഘട്ടത്തിൽ ജാതിവ്യവസ്ഥിതിയിൽ എഴുത്തച്ഛൻ സമുദായത്തിൻെറ ജാതിപദവി ദൃഢീകരിച്ചിരുന്നില്ല. ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ നേതൃത്വത്തിലുള്ള നമ്പൂതിരിമാരാണ് എഴുത്തച്ഛനെ പീഡിപ്പിച്ചത്. ജാതിപീഡനം മൂലമാണ് തുഞ്ചൻ, നമ്പൂതിരിമാർ ചേക്കേറാത്ത ചിറ്റൂരിൽ സ്ഥിരതാമസമാക്കിയത്. ചിറ്റൂർ തെക്കേ ഗ്രാമത്തിൽ 10 തമിഴ് ബ്രാഹ്മണ കുടുംബങ്ങളെ കൊണ്ടുവന്നത് എഴുത്തച്ഛനാണ് എന്ന ഒരു ഐതിഹ്യം അവിടെ ഇപ്പോഴും നിലവിലുണ്ട്. ചിറ്റൂരിലുള്ള ഗുരുമന്ദിരത്തിൽ തുഞ്ചൻ ഗുരുവിൻെറയും ഒരു ശിഷ്യൻെറയും സമാധിയുണ്ട്.

ഭക്തിക്കപ്പുറം സദുപദേശങ്ങളാണ് രാമായണത്തിലും ഭാരതത്തിലും തെളിഞ്ഞുകാണുന്നത്. പ്രത്യേകിച്ച്, എഴുത്തച്ഛൻെറ ഉദ്ബോധനവാക്യങ്ങളുടെ പെരുപ്പവും പ്രചാരവുമാണ് പ്രധാനം. ഭഗവദ്ഗീത ഒഴിവാക്കി വിദുരോപദേശം വിശദമായി കൊടുത്തിട്ടുണ്ട് എഴുത്തച്ഛൻ. ഗീത ഒഴിവാക്കിയതിൽ എഴുത്തച്ഛൻെറ 'നിഷേധസ്വരം' കാണാം. ഗീത ഒഴിവാക്കിയതിലാണ് എഴുത്തച്ഛൻെറ ബൗദ്ധ–ജൈന പശ്ചാത്തലം കാണുന്നത്. എഴുത്തച്ഛൻെറ സമുദായത്തിൻെറ ബൗദ്ധപശ്ചാത്തലം 'ബുദ്ധമതവും മലയാളവും' എന്ന തൻെറ ഗദ്യലേഖനത്തിൽ കവി സാർവഭൗമൻ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ വ്യക്തമായി പറഞ്ഞിട്ടുണ്ട് (പ്രസിദ്ധീകരണം – ഡി.സി. ബുക്സ്).

നിലവിലുള്ള ജീർണിച്ച സാമൂഹ്യക്രമത്തിനെതിരെ പ്രതിഷേധിക്കുന്നതിനും അതിലൂടെ സാമാന്യജനത്തിനെ സാംസ്കാരികമായി ഉയർത്തുന്നതിനും ഭക്തിമാർഗവും ഭാഷാന്തരീകരണവും പുരാണ ഇതിഹാസങ്ങളും മാത്രമേ എഴുത്തച്ഛൻെറ മുന്നിലുണ്ടായിരുന്നുള്ളൂ. എഴുത്തച്ഛൻ രചിച്ചത് സ്വതന്ത്ര കൃതികളായിരുന്നുവെങ്കിൽ ഇത്രയേറെ ജനശ്രദ്ധ പിടിച്ചുപറ്റുമായിരുന്നില്ല. നമ്പൂതിരി രോഷം അകറ്റുന്നതിനാണ് മുഴത്തിനുമുഴം ബ്രാഹ്മണസ്തുതി തൻെറ കൃതികളിൽ വെച്ചുപിടിപ്പിച്ചത്. ഇത് എഴുത്തച്ഛൻെറ തല തൻെറ കഴുത്തിൽ ഉറച്ചിരിക്കുന്നതിന് വളരെ അത്യാവശ്യമായിരുന്നു. നമ്പൂതിരിമാർ എഴുത്തച്ഛനെ എതിർത്തപ്പോൾ തമിഴ് ബ്രാഹ്മണർ അദ്ദേഹത്തിന് സംരക്ഷണം നൽകി. രാമനെ അവതാരപുരാഷനാക്കുന്നതിനു വേണ്ടിയാണ് അദ്ദേഹം അധ്യാത്മ രാമായണം തിരഞ്ഞെടുത്തത്. എഴുത്തച്ഛൻെറ കാലത്തിനു തൊട്ടുമുൻപ് എഴുതപ്പെട്ട കൃതിയാണ് അധ്യാത്മ രാമായണം. എഴുത്തച്ഛൻ സമുദായത്തിൻെറ വിദേശബന്ധമായിരിക്കാം ആ കഥയിലെ എഴുത്തച്ഛനെ ആ കൃതി പരിചയപ്പെടാൻ അവസരമൊരുക്കിയത്. 'അക്ഷര അഭിജ്ഞത്വം', 'മൂഢത്വം', 'അക്ഷരവിഹീനാലാപനം' എന്നിവ ശൂദ്രധർമങ്ങളായി വിധിക്കുന്ന അക്കാലത്ത് (ഭാരതം കിളിപ്പാട്ട് – ശാന്തിപർവം) സംസ്കൃതഭാഷാ പഠനവും സാഹിത്യ പ്രവർത്തനവും ശൂദ്രന്മാർക്ക് അന്യമായിരുന്നു; അത് അവരുടെ ആഗ്രഹസീമയ്ക്ക് പുറത്തായിരുന്നു. ഇക്കാര്യം കെ.പി.: പത്മനാഭമേനോൻ തൻെറ കൊച്ചി രാജ്യചരിത്രത്തിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അന്നത്തെ ചുറ്റുപാടിൽ എഴുത്തച്ഛൻെറ പരിമിതികൾ കണക്കിലെടുക്കുമ്പോൾ ഇത്തരത്തിലുള്ള ശുദ്ധീകരണ 'വിപ്ലവപ്രക്രിയ' മാത്രമേ എഴുത്തച്ഛന് സാധ്യമായിരുന്നുള്ളു.

എഴുത്തച്ഛൻ 20-ാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നതെങ്കിൽ അരുന്ധതിറോയിയെപ്പോലെ 'ദ ഗോഡ് ഓഫ് സ്മോൾ തിങ്സ്' പോലെ ഒന്നെഴുതി നോബൽ സമ്മാനം വാങ്ങുമായിരുന്നു! കബീറും ഗുരുനാനാക്കും തുക്കാറാമും ചെയ്തതുതന്നെയാണ് എഴുത്തച്ഛനും ചെയ്തത്. ഒരു കാര്യം ഓർക്കണം, എഴുത്തച്ഛൻ ജീവിച്ചത് നമ്പൂതിരി യുഗത്തിലാണ്.

ഗീതയ്ക്കുപകരം എഴുത്തച്ഛൻ പലതരത്തിലുള്ള ലോകോക്തികൾ തന്റെ കൃതികളിൽ ചേർത്തിട്ടുണ്ട്. ഇതിൽ പലതും ഭഗവദ്ഗീതയ്ക്ക് വിപരീത ദിശയിലാണ്. വർണവ്യവസ്ഥയ്ക്കും ജാവിവ്യവസ്ഥയ്ക്കും എതിരായുള്ളതാണ് പല വരികളും. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ജാതിനാമാദികൾക്കല്ല ഗുണഗണ
   ഭേദമെന്നത്രെ ബുധന്മാരുടെ മതം
2. പാരിൽ സുഖം ദുഃഖമൂലമല്ലോ നൂണാം
3. ഒന്നൊഴിയാതെ ഗുണങ്ങൾ നരന്മാർക്കു
   വന്നുചേരുന്നു ഗുരുപ്രസാദത്താൽ.
4. കാര്യമല്ലാത്തതു ചെയ്യുന്നതാകിലാ-
   ചാര്യനും ശാസനം ചെയ്യുന്നതേവരൂ.
5. നിത്യവും ചെയ്യുന്ന കർമഫലഗുണം
   കർത്താവൊഴിഞ്ഞുമറ്റന്യർ ഭുജിക്കുമോ?
6. ആപത്തുവന്നടുത്തീടുന്ന നേരത്തു
   ശോഭിക്കയില്ലെടോ സജ്ജനഭാഷിതം
7. ജാതനെന്നാകിൽ വരും സുഖം ദുഃഖവും
8. ആത്മഖേദം ധൈര്യശൗര്യതേജോഹരം
9. കാലാവലോകനം കാര്യസാദ്ധ്യം നൂണാം
10. നന്നല്ല സജ്ജനത്തോടു വൈരം വൃഥാ
11. ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
    കഷ്ടത്തിങ്കലില്ലെന്നു നിർണയം
12. അർധം പുരുഷനു ഭാര്യയല്ലോ ഭുവി
13. താൻതാൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ
    താൻതാനനുഭവിച്ചീടുകെന്നെ വരൂ
14. പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
    ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും.
15. കജ്ജളം പറ്റിയാൽ സ്വർണവും നിഷ്പ്രഭം
16. ഇച്ഛയായുള്ളതു ചെയ്കമിത്രത്തെ വ-
    ഞ്ചിച്ചാലനർഥമവിളംബിതം വരും.

ഭാരതം കിളിപ്പാട്ടിലും ഇത്തരത്തിലുള്ള വരികൾ ധാരാളമുണ്ട്.

ഗീതാകാരന്റെ ലക്ഷ്യവും അതിന്റെ ചരിത്ര സാഹചര്യങ്ങളും ശ്രദ്ധിച്ചാൽ എന്തുകൊണ്ടാണ് എഴുത്തച്ഛൻ ഭഗവദ്ഗീത വിട്ടുകളഞ്ഞത് എന്ന് ഏവർക്കും ബോധ്യപ്പെടും. ഇത്തരുണത്തിൽ ഭഗവദ്ഗീതയെക്കുറിച്ചുള്ള ഭരണഘടനാ ശിൽപി ഡോ. ബി.ആർ. അംബേദ്ക്കറുടെ നിഗമനങ്ങൾ വളരെ ശ്രദ്ധേയങ്ങളാണ് (റൈറ്റിംഗ്സ് ആൻഡ് സ്പീച്ചിംഗ്സ്, വോള്യം 3, ഡോ. ബി.ആർ. അംബേദ്കർ). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജൈമിനിയുടെ പൂർവമീമാംസയ്ക്ക് സിദ്ധാന്തപരമായ സാധൂകരണം നൽകുന്നതിന്, ഭാരതത്തിൽ പിന്നീട് എഴുതിച്ചേർക്കപ്പെട്ട ഭാഗമാണ് ഭഗവദ്ഗീത (ഡോ. ഡി.ഡി. കൊസാംബിയുടെ അഭിപ്രായത്തിൽ, എ.ഡി. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗുപ്തരാജാവായ ബാലാദിത്യന്റെ കാലഘട്ടത്തിലാണ് ഭഗവദ്ഗീത രചിക്കപ്പെട്ടത് എന്നാണ്). ബുദ്ധമതത്തെ തടയിടുന്നതിന് ഇത് അത്യാവശ്യമായിരുന്നു. ജൈമനിയുടെ പൂർവമീമാംസ (കർമകാണ്ഡം) ഇന്ത്യ പ്രതിവിപ്ലവത്തിന്റെ വേദപുസ്തകമായിട്ടാണ് ബാബാ സാഹിബ് കാണുന്നത്. വർണവ്യവസ്ഥയ്ക്കും യാഗങ്ങൾക്കും യജ്ഞങ്ങൾക്കും എതിരെ ബുദ്ധൻ ആഞ്ഞടിച്ചു. ഇത് ബ്രാഹ്മണരുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കി. ബ്രാഹ്മണർ ഒഴികെയുള്ള എല്ലാ ജനവിഭാഗങ്ങളും ബുദ്ധമതം അമൃതുപോലെ സ്വീകരിച്ചു. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമായിരുന്നു ബൗദ്ധദർശനത്തിൽ സാധാരണ ജനങ്ങൾ കണ്ടത്. ശൂദ്രർക്കും സ്ത്രീജനങ്ങൾക്കും ബുദ്ധമതം മോചനം നൽകി. അവർക്കും ഭിക്ഷുക്കളും ഭിക്ഷുണികളുമാകാമായിരുന്നു. ബ്രാഹ്മണമതം പ്രതിവിപ്ലവമാണ്, ബുദ്ധമതം വിപ്ലവവും. ബുദ്ധമതത്തിന്റെ ഉയർച്ചയും വളർച്ചയും കണ്ട് വിറളിപൂണ്ട ബ്രാഹ്മണർ ഗൂഢാലോചന നടത്തി ആസൂത്രണം ചെയ്ത കൊലപാതകമാണ് ബി.സി. 185ൽ നടന്നത്. പുഷ്യമിത്രസുംഗൻ എന്ന സാമവേദി ബ്രാഹ്മണൻ മഹാനായ അശോകചക്രവർത്തിയുടെ പൗത്രനായ ബഹ്ദ്രതനെ ഗളച്ഛേദം ചെയ്ത് സ്വയം ചക്രവർത്തിയായി പ്രഖ്യാപിച്ചു. ഇന്ത്യാചരിത്രത്തിലെ ഒരു വഴിത്തിരിവാണ് പ്രസ്തുത സംഭവം. ഇന്നു പ്രതിവിപ്ലവ ശക്തികൾക്ക് മേൽകൈ ലഭിക്കുന്നത് ഈ സംഭവം മൂലമാണ്. ഇതിനുശേഷം എഴുതപ്പെട്ടതാണ് മനുസ്മൃതിയും ഭഗവദ്ഗീതയും. ഗീതയ്ക്കുമുൻപ് വേദങ്ങളിലെ കർമകാണ്ഡ ഭാഗങ്ങൾക്ക് സൈദ്ധാന്തികതലത്തിൽ ഒരു സാധൂകരണം ആരും നൽകിയിരുന്നില്ല. ബുദ്ധമതത്തിന്റെ വമ്പിച്ച വളർച്ചയാണ് അതിനുവഴിവെച്ചത്. പൂർവാപരവൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒരു കൃതിയാണ് ഗീത. ആർക്കും അതിനെ എടുത്ത് ഉപയോഗിക്കാം. ആദിശങ്കരൻ അതിന് വ്യാഖ്യാനം ചമച്ചതോടുകൂടിയാണ് അതിന് പ്രചാരം ലഭിച്ചത്. അതുവരെ അതിന് അത്രയൊന്നും പ്രസിദ്ധി ഉണ്ടായിരുന്നില്ല. പല വ്യാഖ്യാതാക്കളും പലതരം അർഥങ്ങളും അതിന് നൽകി. സാംഖ്യദർശനത്തിൽനിന്നും ബൗദ്ധദർശനത്തിൽനിന്നും ഗീത പലതും കടംകൊണ്ടിട്ടുണ്ട്. ലോകമാന്യതിലകനാണ് ഗീതയ്ക്ക് ഇല്ലാത്ത അർഥങ്ങളും മറ്റും നൽകി അതിനെ വ്യാഖ്യാനിച്ചത് (ഗീതാരഹസ്യം). ഇന്നും ആ നില തുടരുന്നു. ഇന്നും പ്രതിവിപ്ലവശക്തികളുടെ കൈയിൽ വലിയൊരു ആയുധമാണ് ഗീത.



ഫോട്ടോകൾ: എ.ജെ. ജോജി

**ഗീതയ്ക്കുപകരം എഴുത്തച്ഛൻ പലതരത്തിലുള്ള ലോകോക്തികൾ തന്റെ കൃതികളിൽ ചേർത്തിട്ടുണ്ട്. ഇതിൽ പലതും ഭഗവദ്ഗീതയ്ക്ക് വിപരീത ദിശയിലാണ്. വർണവ്യവസ്ഥയ്ക്കും ജാവിവ്യവസ്ഥയ്ക്കും എതിരായുള്ളതാണ് പല വരികളും.**

എഴുത്തച്ഛന്റെ സമുദായത്തിന്റെ ബൗദ്ധ-ജൈന പാരമ്പര്യമാണ് എഴുത്തച്ഛൻ ഭഗവദ്ഗീതയെ വെറുതെ വിടാൻ തീരുമാനിച്ചത്. എഴുത്തച്ഛന്റെ ഭാരതവും രാമായണവും ഒരു പുനർവായനയ്ക്ക് നാം തയ്യാറാകണം. അതിനെ 'ബൗദ്ധായനം', 'ജൈനായനം' ആയി വായിക്കാൻ നമുക്ക് കഴിയണം. ■